GE-DA2/219/2023-G.EDN

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതു വിദ്യാഭ്യാസ വകുപ്പ് -തിരുവനന്തപുരം ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ക്ലാർക്ക് ശ്രീ.അനിൽകുമാർ.വി ക്ക് എതിരായ അച്ചടക്കനടപടി-റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2589/2024/GEDN തീയതി,തിരുവനന്തപുരം, 06-04-2024

---

പരാമർശം:-

1. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ(ഹയർ സെക്കൻഡറി വിഭാഗം) 05/01/2019 ലെ എഡിഎ 1/138473/എച്ച്.എസ്.ഇ/2019 നം ഉത്തരവ്
2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 25.01.2020 ലെ എഡിഎ 1/138473/എച്ച്.എസ്.ഇ/2019 നം ഉത്തരവ്
3. ശ്രീ അനിൽകുമാർ വി -യുടെ തീയതി രേഖപ്പെടുത്താത്ത റിവിഷൻ ഹർജി
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 06-07-2023-ലെ എച്ച്എസ്.ഇ/5058/2023-എ.ഡി എ1 നം കത്ത്

**<u>ഉത്തരവ്</u>**

ഹയർ സെക്കന്ററി തിരുവനന്തപുരം റീജിയണൽ ഓഫീസിലെ ക്ലാർക്കായ ശ്രീ അനിൽകമാർ വി 2019-ൽ സാമൂഹ്യമാധ്യമത്തിലൂടെ ബഹു മുഖ്യമന്ത്രിയ്ക്കെതിരെ അപകീർത്തികരമായ പോസ്റ്റ് ഷെയർ ചെയ്തതിന് പരാമർശം (1) പ്രകാരം സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്തിരുന്നു. തുടർന്ന് കേരള അഡ്മിനിട്രേറ്റിവ് ട്രൈബ്യൂണലിന്റെ ഉത്തരവ് നടപ്പിലാക്കി **04/07/2019** ലെ സ.ഉ (സാധാ) നം **2691/2019**/പൊവിവ പ്രകാരം സർവ്വീസിൽ പുന:പ്രവേശിപ്പിക്കാനും അച്ചടക്ക നടപടി സമയബന്ധിതമായി പൂർത്തിയാക്കാനും നിർദ്ദേശിച്ചിരുന്നു. ആയത് പ്രകാരം ശ്രീ അനിൽകുമാർ വി-യെ സർവ്വീസിൽ പുന:പ്രവേശിപ്പിച്ച് തിരുവനന്തപുരം ഹയർ സെക്കന്ററി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിൽ

നിയമിക്കുകയും ചെയ്തു.

2. അന്വേഷണ ഉദ്യോഗസ്ഥനായ പരീക്ഷ വിഭാഗം ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ അനിൽകുമാർ വി-യ്ക്ക് censure നല്കി ടിയാനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കുകയും ടിയാന്റെ സസ്പെൻഷൻ കാലയളവ് ടിയാന് അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ ടിയാൻ പരാമർശം (3) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി.

3. സേവനകാലത്തിനിടയിൽ പലപ്പോഴായി അർഹതപ്പെട്ട അവധികൾ എടുക്കേണ്ടി വന്നതിനാൽ ക്രഡിറ്റിൽ അർഹതപ്പെട്ട അവധികൾ കുറവായതിനാൽ സസ്പെൻഷൻ കാലം അവധിയായി ക്രമീകരിക്കാൻ ശൂന്യവേതനാവധി മാത്രമാണ് ഉള്ളതെന്നും ആയതിനാൽ തുടർന്നുള്ള സേവനകാലത്ത് വളരെയേറെ നഷ്ടങ്ങളാണ് സംഭവിക്കുന്നത് എന്നും ആയതിനാൽ ശമ്പളം ഉപജീവനബത്തയിൽ പരിമിതപ്പെടുത്തികൊണ്ട് സസ്പെൻഷൻ കാലം ഡ്യൂട്ടിയായി ക്രമീകരിച്ച് നൽകണമെന്ന് പരാമർശം (3) പ്രകാരം റിവിഷൻ ഹർജിയിൽ അപേക്ഷിച്ചിരുന്നു. ടിയാന്റെ സസ്പെൻഷൻ കാലയളവ് അവധിയായി ക്രമീകരിക്കുന്നതിനോട് യോജിപ്പില്ലായെന്ന് വ്യക്തമാക്കിയിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. KSRs Part I Rule 56B(7) ന് ചുവടെയുള്ള പ്രൊവിസോ പ്രകാരം സസ്പെന്റ് ചെയ്യപ്പെട്ട ജീവനക്കാരൻ താത്പര്യപ്പെടുന്ന പക്ഷം മാത്രമേ സസ്പെൻഷൻ കാലയളവ് പ്രസ്തുത ജീവനക്കാരന്റെ അർഹമായതും അനുവദനീയവുമായ ഏതു തരത്തിലുള്ള അവധിയായും ക്രമീകരിക്കുന്നതിന് സാധിക്കുകയുള്ളൂ. ശ്രീ. അനിൽ കുമാർ, ടിയാന്റെ സസ്പെൻഷൻ കാലയളവ് അവധിയായി ക്രമീകരിക്കുന്നതിന് സമ്മതം നൽകിയിട്ടില്ലാത്തതിനാലും എന്നാൽ സസ്പെൻഷനുമായി ബന്ധപ്പെട്ട അച്ചടക്ക നടപടിയിൽ ടിയാന് KCS(CCA) ചട്ടങ്ങൾ പ്രകാരമുള്ള ലഘു ശിക്ഷ നൽകി തീർപ്പ് കല്പിച്ചിട്ടുള്ളതിനാലും ടിയാന്റെ 05-01-2019 മുതൽ 09-07-2019 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും ബത്തകളും ടിയാൻ ടി കാലയളവിൽ കൈപ്പറ്റിയ ഉപജീവന ബത്തയിൽ നിജപ്പെടുത്തി എല്ലാ ആവശ്യത്തിനും ഡ്യൂട്ടിയായും, 10-07-2019 മുതൽ തിരികെ ജോലിയിൽ പ്രവേശിച്ചത് വരെയുള്ള ഇടവേള KSRs Part I Rule-56B(9) Note-2 പ്രകാരം പ്രവേശന കാലമായോ അർഹമായതും അനുവദനീയവുമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഹയർസെക്കന്ററി വിഭാഗം ഡയറക്ടർക്ക് അനുമതി നല്കി

ഉത്തരവാകുന്നു. അപ്രകാരം ടിയാന്റെ റിവിഷൻ ഹർജി തീർപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

DILEEP.S.M

അണ്ടർ സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ,ഹയർസെക്കന്ററി വിഭാഗം,തിരുവനന്തപുരം
2. ശ്രീ അനിൽകുമാർ വി (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ , കേരള, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരള, തിരുവനന്തപുരം
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി
6. വെബ്(കൈറ്റ്സ്/ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 06-04-2024 16:48:01

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

പൊതു വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്